ഉത്തരം

(എ) സംസ്ഥാനത്തെ ബധിര–മൂക കായികതാരങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിലവിലില്ല.

(ബി, സി) ഇത് സംബന്ധിച്ച ഒരു നിവേദനം സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. ബധിര–മൂക കായികതാരങ്ങൾക്കായി ഒരു സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല.

ആലത്തൂരിൽ സ്പോർട്സ് സ്കൂൾ

67 [1200] ശ്രീ. എ. വി. ഗോപിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ അനുവദിച്ച സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് ആലത്തൂർ ഉൾപ്പെടെ പുതുതായി 3 (മൂന്ന്) സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ അവയുടെ ഭരണ നിയന്ത്രണത്തെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. ആയതിനാൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിറ്റതിലെ ക്രമക്കേടുകൾ

68 [1210] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗതാഗത വകുപ്പ് മന്ത്രിയുടെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ 1359 ബസ്സുകൾ വിറ്റതിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ വിൽപ്പന നടത്തിയതിൽ കോർപ്പറേഷന് എന്ത് തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) എന്ത് വിലയ്ക്കാണ് ഓരോ ബസ്സും ലേലത്തിന് പോയിട്ടുള്ളതെന്ന വിവരവും ബസ്സുകൾ ലേലത്തിൽ പിടിച്ചവരുടെ പേരു വിവരവും അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ബസ് വിൽപ്പനയിൽ ക്രമക്കേട് നടത്തിയിട്ടുണ്ടോയെന്ന് അന്വേഷണം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly